**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 617** **09-08-2023 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും ക്ഷാമവും തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മണൽ, കല്ല്, സിമൻറ്, കമ്പി എന്നിവയുടെ വിലക്കയറ്റവും ക്ഷാമവും നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | മണൽ, കല്ല്, സിമൻറ്, കമ്പി എന്നിവയുടെ വിലക്കയറ്റവും ക്ഷാമവും മാത്രമാണ് നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നത് എന്ന് വിലയിരുത്തിയിട്ടില്ല. കോവിഡ് മൂലവും ആഗോള പ്രതിസന്ധി മൂലവും ഉണ്ടായ സാമ്പത്തിക പ്രതിസന്ധി നിർമ്മാണ മേഖല ഇപ്പോഴും അഭിമുഖീകരിക്കുന്നുണ്ട്. കൂടാതെ, കൽക്കരി, പെറ്റ്കോക്ക്, ഡീസൽ, ഇരുമ്പ് അയിര് തുടങ്ങിയവയുടെ ആഗോള വില വർദ്ധനവിന് അനുസൃതമായി ഇലക്ട്രിക്കൽ, പ്ലംബിംഗ്, സ്റ്റീൽ, പെയിന്റ്, ഫ്ലോറിംഗ് ഉൽപ്പന്നങ്ങളുടെ വിലയിലും ഗതാഗത ചെലവിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പൂർത്തീകരിച്ച പ്രോജക്ടുകൾ വിറ്റുപോകാത്തതും കൊമേഴ്സ്യൽ സ്പേസിന് ആവശ്യക്കാർ കുറഞ്ഞതും നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്.<br><br>നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സിമന്റ്, കമ്പി എന്നിവ പ്രധാനമായും ഉത്പാദിപ്പിക്കുന്നത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളാണ്. കെട്ടിട നിർമ്മാണ വസ്തുക്കളിൽ സിമന്റ് ഉപയോഗം വഴി ഉണ്ടാകുന്ന ചെലവ് ആകെ ചെലവിന്റെ ഏകദേശം 5% വരെ മാത്രമാണ്. കേരളത്തിൽ വിൽക്കുന്ന സിമന്റ് ബ്രാൻഡുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ വിപണന പങ്കാളിത്തം 5 ശതമാനത്തോളമാണ്. ഇതര ബ്രാൻറുകളെ അപേക്ഷിച്ച് മലബാർ സിമന്റിന്റെ വിൽപ്പന വില താരതമ്യേന കുറവാണ്.<br><br>കേന്ദ്ര നയങ്ങൾ മൂലമുണ്ടാവുന്ന വില വർദ്ധനവുകളിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടുന്നതിന് പരിമിതികളുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നദികളിലും ഡാമുകളിലും കെട്ടിക്കിടക്കുന്ന മണൽ ശേഖരിച്ച് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ജലവിഭവ വകുപ്പും വൈദ്യുതി വകുപ്പുമാണ് ഇത് കൈകാര്യം ചെയ്യുന്നത്. പാലക്കാട് ജില്ലയിലെ മീങ്കര, വാളയാർ എന്നീ രണ്ടു ഡാമുകളിലെ പ്രവർത്തി വ്യവസായ വകുപ്പിന് കീഴിലുള്ള 'കെംഡെൽ' ആണ് ഏറ്റെടുത്തിട്ടുള്ളത്. പ്രവർത്തി പുരോഗമിച്ചു വരുന്നു. |
| (സി) | പരിസ്ഥിതി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സർക്കാർ ഉടമസ്ഥതയിൽ ക്വാറി പ്രവർത്തനം നടത്താൻ നടപടി സ്വീകരിക്കുമോ; | (സി) | പരിസ്ഥിതി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സർക്കാർ ഉടമസ്ഥതയിൽ ക്വാറി പ്രവർത്തിപ്പിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |
| (ഡി) | സിമൻറ് ഉല്പാദിപ്പിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ഉല്പാദനം വർദ്ധിപ്പിച്ച് സിമൻറ് മിതമായ വിലയ്ക്ക് ലഭ്യമാക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | സ്വകാര്യ മേഖലയിലെ സിമന്റ് കമ്പനികളെ അപേക്ഷിച്ച് പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ ചില്ലറ വിൽപ്പന വില താരതമ്യേന കുറവാണ്. മലബാർ സിമന്റ്സിന്റെ വാളയാറിലും ചേർത്തലയിലുമുള്ള പ്ലാന്റുകളിൽ പരമാവധി ഉല്പാദനം വർദ്ധിപ്പിച്ച് കേരളത്തിലുടനീളം ന്യായമായ വിലയ്ക്ക് സിമന്റ് എത്തിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഒപ്പം, ട്രാവൻകൂർ സിമന്റ്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ